**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5881** **09-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ എതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **തൃശ്ശൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദ വിവരവും മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.** |
| (ബി) | പ്രസ്തുത ആശുപത്രികളിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | **തൃശ്ശൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദ വിവരവും മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.** |
| (സി) | സംസ്ഥാനത്ത് ആയുർവേദ ചികിത്സ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | മെഡിസെപ്പിൽ ആയുർവേദ ചികിത്സ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവെച്ച ധാരണപത്രം (MoU) പ്രകാരം 23.06.2022 ലെ 70/2022/ധന സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന 1920 ചികിത്സ/ ശസ്ത്രക്രിയകൾക്കും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കുമാണ് നിലവിൽ മെഡിസെപ് ആനുകൂല്യം ലഭ്യമാകുന്നത്. മെഡിസെപ് പദ്ധതി തുടങ്ങി 2 വർഷം ആയ സാഹചര്യത്തിൽ നിലവിലെ പോളിസി കാലയളവിൽ (2022-25) ആയുർവേദ ചികിത്സയെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. |

സെക്ഷൻ ഓഫീസർ